പാട്ട് 1 കൈത്തല നിറൈകനി വിനായകർ സ്തുതി

ഈ പാട്ട് അരുണഗിരിനാഥർ വയലൂരിൽ, 'പൊയ്യാഗണപതി' എന്ന വിനായകരുടെ സന്നിധിയിൽ വച്ച്, പാടി എന്നാണ് വിശ്വാസം. സാധാരണയായി തിരുപ്പുകഴ് ഭജനകളിൽ ആദ്യമായി പാടുന്ന പാട്ടാണിത്. തിരുപ്പുകഴ് ഇശൈ വഴിപാട് പദ്ധതിയിൽ എല്ലാ ക്ലാസ്സുകളും ഭജനകളും ഈ പാട്ടോടുകൂടി തുടങ്ങുന്നു.

| | | | | | |
|---|---|---|---|---|---|
| ഛന്ദം | തത്തന | തനതന | തത്തന | തനതന | |
| | തത്തന | തനതന | | | തനതാന |

ഛന്ദം അനുസരിച്ച് എഴുതിയ സാഹിത്യം

1 കൈത്തല നിറൈകനി അപ്പമൊ ടവൽപൊരി
കപ്പിയ കരിമുഖൻ അടിപേണി

2 കറ്റിടും അടിയവർ ബുദ്ധിയിൽ ഉറൈപവ
കർപകം എനവിനൈ കടിതേകും

3 മത്തമു മതിയമും വൈത്തിടും അരൻമകൻ
മർപൊരു തിരൾഭുയ മദയാനൈ

4 മദ്ദള വയിറനൈ ഉത്തമി പുതൽവനൈ
മട്ടവിഴ് മലർകൊടു പണിവേനേ

5 മുത്തമിഴ് അടൈവിനൈ മുർപടു ഗിരിതനിൽ
മുർപട എഴുതിയ മുതൽവോനേ

6 മുപ്പുരം എരിചെയ്ത അശ്ശിവൻ ഉറൈരഥം
അച്ചതു പൊടിചെയ്ത അതിധീരാ

7 അത്തുയ രതുകൊടു സുബ്ബിര മണിപടും
അപ്പുന മതനിടൈ ഇഭമാകി

8 അക്കുറ മകളുടൻ അച്ചിറു മുരുകനൈ
അക്കണ മണമരുൾ പെരുമാളേ.

പദം പിരിച്ച് എഴുതിയ സാഹിത്യം

1 കൈത്തല നിറൈ കനി അപ്പമൊട് അവൽ പൊരി
കപ്പിയ കരിമുഖൻ അടിപേണി

2 കറ്റിടും അടിയവർ ബുദ്ധിയിൽ ഉറൈപവ
കർപകം എന വിനൈ കടിത് ഏകും

3 മത്തമും മതിയമും വൈത്തിടും അരൻ മകൻ
മർ-പൊരു തിരൾ ഭുയ മദ യാനൈ

4 മദ്ദള വയിറനൈ ഉത്തമി പുതൽവനൈ
മട്ടവിഴ് മലർകൊടു പണിവേനേ

5 മുത്തമിഴ് അടൈ വിനൈ മുർപടു ഗിരിതനിൽ
മുർപട എഴുതിയ മുതൽവോനേ

6 മുപ്പുരം എരി-ചെയ്ത അ-ശ്ശിവൻ ഉറൈ രഥം
അച്ചതു പൊടി ചെയ്ത അതി ധീരാ

7 അത്തുയർ അതു കൊടു സുബ്ബിരമണി പടും
അപ്പുനം അതനിടൈ ഇഭമാകി

8 അ-ക്കുറ മകളുടൻ അ-ച്ചിറു മുരുകനൈ
അക്കണം മണം അരുൾ പെരുമാളേ

<u>പദാർത്ഥം</u>

തന്റെ കരത്തിൽ ഉള്ള പഴം, അപ്പം, അവൽ, പൊരി ഇവയെ വാരി ഉണ്ണുന്ന കരിമുഖന്റെ - ആനയുടെ മുഖം ഉള്ളവന്റെ - പാദങ്ങൾ വണങ്ങി പുതിയ മലർകൾ കൊണ്ട് ഞാൻ പൂജിക്കുന്നു.

ഭക്തരുടെ മനസ്സിൽ വാഴുന്നവനേ,
കർപകവൃക്ഷം പോലെ നിന്നെ വണങ്ങുന്നോരുടെ കഷ്ടങ്ങൾ തീർക്കുന്നവനേ,
പൂവും ചന്ദ്രനും ജടയിൽ ധരിച്ച ശിവന്റെ മകനും,
മൽയുദ്ധത്തിനു തക്ക ഭുയങ്ങൾ ഉള്ള ആനയെ പോലുള്ളവനും,
മദ്ദളം പോലെ വയറുള്ളവനും, ഉത്തമിയുടെ - പാർവതിയുടെ - മകനും, ആയവനേ,

ഇയൽ, ഇശൈ, നാടകം - എന്ന മൂന്ന് തമിഴ് മുറയിൽ മേരുമലയിൽ ആദ്യം (മഹാഭാരതം) എഴുതിയവനേ,
അസുരന്മാർ വാണിരുന്ന മുപ്പുരങ്ങളെ തന്റെ മുക്കണ്ണ് കൊണ്ട് സംഹരിച്ച ശിവന്റെ രഥത്തിലുള്ള ചക്രത്തിന്റെ ആണിയെ പൊട്ടിച്ച ധീരനേ,
വള്ളിയുടെ മേലുള്ള പ്രേമത്താൽ സങ്കടപ്പെട്ട സുബ്രമണിയന്റെ സങ്കടം തീർക്കാൻ ആ കാട്ടിൽ ആനയുടെ രൂപത്തിൽ തോന്നി, കുറമകൾ വള്ളിയോട് ആ ചിറിയ മുരുകന്റെ കല്യാണം അപ്പോൾ തന്നെ നടത്തിക്കൊടുത്ത പെരുമാളേ

<u>സാരാംശം :</u>

ശിവന്റെയും പാർവതിയുടെയും മകനേ, സുബ്രമണിയന്റെ സങ്കടം തീർക്കാൻ ആനയുടെ രൂപത്തിൽ തോന്നി വള്ളിയോട് ആ മുരുകന്റെ കല്യാണം നടത്തിക്കൊടുത്ത പെരുമാളേ, ഭക്തജനങ്ങളുടെ കഷ്ടങ്ങൾ തീർക്കുന്നവനേ, നിന്റെ പാദങ്ങളെ വണങ്ങി,പുതിയ മലർകൾ കൊണ്ട് ഞാൻ പൂജിക്കുന്നു.

<u>രാഗവും താളവും</u> :

തിരുപ്പുകഴ് ഇശൈ വഴിപാട് പദ്ധതിയിൽ നാട്ട രാഗം - ചതുശ്ര തൃപുട (ആദി) താളത്തിൽ പാടുന്നു. മറ്റു സംഗീതജ്ഞരും ഈ രാഗത്തിൽ പാടിക്കേട്ടിട്ടുണ്ട്.

ലേഖകനോട് ബന്ധപ്പെടാൻ drbaluiyer@gmail.com
എന്ന മേൽവിലാസത്തിൽ ഈ-മെയിൽ അയക്കുക.